പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 475 — 11.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. -യിൽ ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
" എം. വി. ശ്രേയാംസ് കുമാർ
" പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. -യിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ; | (എ) | പദ്ധതിയുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം സംവിധാനങ്ങളോടുകൂടിയ മെഷീനുകളാണ് ഇപ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ; | (ബി) | Global Positioning System (GPS), General Packet Radio Service (GPRS) സംവിധാനങ്ങളോടുകൂടി Radio Frequency Identification Device (RFID) ഉൾപ്പെട്ട ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകളാണ് വാങ്ങുന്നത്. GPS ഉപയോഗിച്ച് മെഷീനുകളുടെ location കണ്ടെത്തുവാനും GPRS ഉപയോഗിച്ച് മെഷീനിൽ നിലവിലുള്ള ഡാറ്റ കംപ്യൂട്ടർ ശൃംഖലയിലേക്ക് അയയ്ക്കുവാനും സാധിക്കും. RFID സംവിധാനം നിലവിലുള്ളതിനാൽ സമാനമായ മറ്റ് identifying device -കൾ (identity card, pass മുതലായവ) തിരിച്ചറിയാൻ കഴിയും. |
| (സി) | ഇപ്രകാരം പുതിയ എത്ര മെഷീനുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു; ആയതിലേക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്? | (സി) | 4,000 മെഷീനുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു. നാല് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ